# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME:** 12.30 PM **DATE:** 04.09.2025

### പ്രധാനവാർത്തകൾ

1. രാജ്യത്തെ സാധാരണ ജനങ്ങൾക്ക് ആശ്വാസമായി പുതുക്കിയ ചരക്ക് സേവന നികുതി നിരക്ക്; പുതു തലമുറ പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് വ്യവസായ സംഘടനകൾ.

2. ചരക്ക് സേവന നികുതി ഇളവ് സാധാരണക്കാർക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ.

3. ഉത്രാടപാച്ചിലിൽ മലയാളികൾ; തിരുവോണത്തെ വരവേൽക്കാനൊരുങ്ങി ദൈവത്തിൻറെ സ്വന്തം നാട്.

4. സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കലാവസ്ഥാ മുന്നറിയിപ്പ്; നാല് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത.

5. ഏഷ്യകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൻറെ സൂപ്പർ 4 മത്സരത്തിൽ ഇന്ന് ഇന്ത്യ മലേഷ്യയെ നേരിടും.

## നിർമല സീതാരാമൻ- ജി.എസ്.ടി

സാധാരണക്കാർ, തൊഴിൽ കേന്ദ്രീകൃത വ്യവസായങ്ങൾ, കർഷകർ, കൃഷി, ആരോഗ്യം തുടങ്ങി സമ്പദ്‌വ്യവസ്ഥയുടെ പ്രധാന ചാലകശക്തികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുള്ള ചരക്ക് സേവന നികുതി ഘടനയ്ക്ക് അംഗീകാരം നൽകി 56-ാമത് ജി.എസ്.ടി കൗൺസിൽ യോഗം. നാല് നികുതി സ്ലാബുകൾക്ക് പകരം 5%, 18% എന്നിങ്ങനെ രണ്ട് സ്ലാബുകളുള്ള നികുതി ഘടനക്കും യോഗം അംഗീകാരം നൽകി. ഇന്നലെ ധനമന്ത്രി നിർമല സീതാരാമന്റെ അധ്യക്ഷതയിൽ ന്യൂഡൽഹിയിലാണ് ജി.എസ്.ടി കൗൺസിൽ യോഗം നടന്നത്. സാധാരണക്കാർക്ക് ഗുണം ചെയ്യുന്ന തരത്തിലാണ് പുത്തൻ തലമുറ പരിഷ്കാരങ്ങൾ ആവിഷ്കരിച്ചതെന്ന് ധനമന്ത്രി വ്യക്തമാക്കി.

33 ജീവൻ രക്ഷാ മരുന്നുകൾക്കും കാൻസർ, അപൂർവ രോഗങ്ങൾ, എന്നിവയുടെ ചികിത്സയ്ക്കായി ഉപയോഗിക്കുന്ന മൂന്ന് മരുന്നുകൾക്കും ചരക്ക് സേവന നികുതി പൂർണമായി ഒഴിവാക്കി. ഈ മാസം 22 മുതൽ പുതിയ മാറ്റങ്ങൾ പ്രാബല്യത്തിൽ വരും.

ടേം ലൈഫ്, യുലിപ്പ് , എൻഡോവ്മെന്റ് പോളിസികൾ തുടങ്ങിയ എല്ലാ വ്യക്തിഗത ലൈഫ് ഇൻഷുറൻസ് പോളിസികൾക്കും, മുതിർന്ന പൗരന്മാർക്കുള്ള പോളിസികൾ, റീഇൻഷുറൻസ് ഉൾപ്പെടെയുള്ള എല്ലാ വ്യക്തിഗത ആരോഗ്യ ഇൻഷുറൻസ് പോളിസികൾക്കും GST ഒഴിവാക്കൽ അംഗീകരിച്ചതായി ധനമന്ത്രി പറഞ്ഞു. പാൽ, പനീർ, ലഘുഭക്ഷണങ്ങൾ, ബ്രെഡ് എന്നിവയുൾപ്പെടെ 175 പൊതു ഉപഭോഗ ഇനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കി. എല്ലാ കാർഷിക ഉപകരണങ്ങളുടെയും ജി.എസ്.ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചതായും കർഷകർക്കും കാർഷിക മേഖലയ്ക്കും തീരുമാനങ്ങൾ ഗുണം ചെയ്യുമെന്നും ധനമന്ത്രി അഭിപ്രായപ്പെട്ടു .

RIUTVPM

## പ്രധാനമന്ത്രി - ജി.എസ്.ടി

ധനമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ച ജി.എസ്.ടി യിലെ പുത്തൻ തലമുറ പരിഷ്ക്കാരങ്ങളെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു. സാധാരണക്കാർ, കർഷകർ, എംഎസ്എംഇകൾ, മധ്യ വർഗം, സ്ത്രീകൾ, യുവജനങ്ങൾ എന്നിവർക്ക് ഗുണം ചെയ്യുന്ന തരത്തിൽ ജി.എസ്.ടി നിരക്കുകൾ കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചതായി പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

## ജി.എസ്.ടി പ്രതികരണം (ഇൻട്രോ)

RNU TVPM

രാജ്യത്ത് രണ്ട് സ്ലാബുകളുള്ള നികുതി ഘടന ഏർപ്പെടുത്തിയത് ഉൾപ്പെടെ 56-ാമത് ജി.എസ്.ടി കൗൺസിൽ യോഗത്തിലെ പ്രഖ്യാപനങ്ങൾ ഏറെ പ്രതീക്ഷ നൽകുന്നതായി ആറ്റിങ്ങൽ ഗവണ്മെന്റ് കോളേജ് എക്കണോമിക്സ് വിഭാഗം മേധാവി ഡോ. പ്രിയേഷ് സി എ ആകാശവാണി വാർത്തകളോട് പറഞ്ഞു.

( **ഹോൾഡ് വോയിസ്** )

## കെഎൻ ബാലഗോപാൽ- ജി.എസ്.ടി

ഓട്ടോമൊബൈൽസ്, സിമെൻറ്, ഇൻഷുറൻസ്, ഇലക്ട്രോണിക്സ് ഈ നാലിനങ്ങൾക്ക് മാത്രം സംസ്ഥാന- കേന്ദ്ര നികുതിവരുമാനം 5000 കോടി രൂപയാണ് ഒരുവർഷം കുറയുന്നതെന്നും ഇത് സാധാരണക്കാർക്ക് പ്രയോജനപ്പെടുന്നുവെന്ന് ഉറപ്പാക്കണമെന്നും ധനമന്ത്രി കെഎൻ ബാലഗോപാൽ. പലപ്പോഴും നികുതിയിൽ കുറവ് വരുത്തുമ്പോൾ ഉത്പാദകർ വില

കൂട്ടാറാണ് പതിവെന്നും 390 ഓളം സാധനങ്ങൾക്ക് നികുതികുറച്ചത് ജനങ്ങളിലേക്കെത്തണമെന്നും അദ്ദേഹം പറഞ്ഞു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ജി.എസ്.ടി-സിഐഐ-ഫിക്കി

പുതു തലമുറ ജി.എസ്.ടി പരിഷ്കാരങ്ങളെ സ്വാഗതം ചെയ്ത് രാജ്യത്തെ വ്യവസായ സംഘടനകൾ. നികുതി ഘടന ലളിതമാക്കുന്നത് ബിസിനസ്സ് എളുപ്പമാക്കുമെന്നും വിവിധ സംഘടനകൾ അഭിപ്രായപ്പെട്ടു. 5 ശതമാനവും 18 ശതമാനവും സ്ലാബുകൾ റീഫണ്ടുകളും എം.എസ്.എം.ഇ നടപടിക്രമങ്ങളും ലളിതമാക്കുമെന്നും വ്യക്തിഗത ലൈഫ്- ഹെൽത്ത് ഇൻഷുറൻസുകളെ ജി.എസ്.ടി യിൽ നിന്ന് ഒഴിവാക്കിയത് വഴിത്തിരിവാണെന്നും കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി പറഞ്ഞു.

PNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഇന്ന് ഉത്രാടം

തിരുവോണത്തെ വരവേൽക്കാനൊരുങ്ങി മലയാളികൾ. ഇന്ന് ഉത്രാടം. കാർഷിക സമൃദ്ധിയുടെ ഓർമകളുമായി എത്തുന്ന പൊന്നോണനാളുകളിലെ ഒന്നാം ഓണ ദിനമാണ് ഉത്രാടം. തിരുവോണം കെങ്കേമമാക്കാനുള്ള ഓണക്കോടിയും സദ്യവട്ടങ്ങൾക്കുള്ള സാധനങ്ങളുമെല്ലാം വാങ്ങുന്ന അവസാനവട്ട ഉത്രാട പാച്ചിലിലാണ് ഇന്ന് മലയാളികൾ. ഓണ സദ്യക്കുള്ള ഉപ്പേരി, പുളി ഇഞ്ചി, അച്ചാറുകൾ എന്നിവയും ഉത്രാടദിനത്തിൽ തന്നെ തയ്യാറാക്കി വെക്കും. ഇത്തവണ അത്തം പതിനൊന്നിനാണ് തിരുവോണം എന്ന പ്രത്യേകതയുമുണ്ട്.

സംസ്ഥാന സർക്കാരിൻറെ ഓണം വാരാഘോഷത്തിന് ഇന്നലെ തുടക്കമായി. ഈ മാസം 9 വരെ 33 വേദികളി ലായി വൈവിധ്യമായ പരിപാടികളുമായാണ് ഇത്തവണത്തെ ഓണം വാരാഘോഷം. സമാപന ദിനത്തിൽ നടക്കുന്ന ഓണം ഘോഷയാത്രയുടെ ഫ്ളാഗ് ഓഫ് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നിർവഹിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഓണംഠ തിരുവനന്തപുരം (ഇൻട്രോ)

തിരുവോണത്തെ വരവേൽക്കാനുള്ള അവസാന വട്ട ഒരുക്കത്തിലാണ് തിരുവനന്തപുരം. ഉത്രാട പാച്ചിലിൽ തലസ്ഥാനത്തെ വസ്ത്ര വ്യാപാര സ്ഥാപനങ്ങളിലും പച്ചക്കറി കടകളിലുമെല്ലാം വൻ തിരക്കാണ് അനുഭവപ്പെടുന്നത്.

തിരുവനന്തപുരത്തെ ഓണ വിശേഷവുമായി ആകാശവാണി ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്....**

(വോയിസ്)

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## സപ്ലൈ കോ -സബ്സിഡി

ഉത്രാടദിനമായ ഇന്ന്, സപ്ലൈകോയിൽ തിരഞ്ഞെടുത്ത സബ്സിഡി ഇതര സാധനങ്ങൾക്ക്, 10 ശതമാനം വരെ വിലക്കുറവ്. ഓണത്തോട് അനുബന്ധിച്ച് സപ്ലൈകോ നൽകുന്ന ഓഫറിനും വിലക്കുറവിനും

പുറമേയാണിത്. അരി, എണ്ണ, സോപ്പ്, നെയ്യ്, ഡിറ്റർജെൻറുകൾ, ശ

ബരി ഉത്പന്നങ്ങൾ തുടങ്ങിയവയ്ക്ക് അധിക വിലക്കുറവ് ലഭിക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ശബരിമല

ഓണം പൂജകൾക്കായി തുറന്ന ശബരിമലയിൽ ഉത്രാടം ദിനമായ ഇന്ന് പുലർച്ചെ അഞ്ച് മണി മുതൽ വൻ ഭക്തജനത്തിരക്കാണ്. ഉത്രാടം, തിരുവോണം, അവിട്ടം ദിനങ്ങളിൽ സന്നിധാനത്ത് ഓണസദ്യ ഉണ്ടായിരിക്കും. ഓണക്കാല പൂജകൾ പൂർത്തിയാക്കി ചതയം ദിനമായ 7 ന് രാത്രി 9 മണിക്ക് നടയടക്കും.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ആലപ്പുഴ - പൂക്കളം (ഇൻട്രോ)

തിരുവോണ ദിനത്തിൽ പൂക്കളം ഒരുക്കാൻ നാട്ടിൽ തന്നെ കുറഞ്ഞ വിലക്ക് പൂക്കൾ ലഭ്യമാകുന്നതിന്റെ സന്തോഷത്തിലാണ് ആലപ്പുഴക്കാർ. ഒരു കിലോ ബന്ദിപ്പൂവിന് 250 രൂപ വരെ മാർക്കറ്റ് വിലയുള്ളപ്പോൾ ജില്ലയിൽ 150 രൂപയ്ക്കാണ് പൂക്കൾ ലഭ്യമാകുന്നത്.

വിശദശാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി **ആർ രവികുമാർ .....**

**(വോയിസ്)**

RNUTVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## സുപ്രീംകോടതി

രാജ്യത്തുടനീളമുള്ള പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി ക്യാമറകൾ പ്രവർത്തനരഹിതമാണെന്ന് ചൂണ്ടിക്കാട്ടി സ്വമേധയാ കേസെടുത്ത് സുപ്രീം കോടതി. ഇത് സംബന്ധിച്ചുള്ള മാധ്യമ വാർത്തകളുടെ അടിസ്ഥാനത്തിലാണ് ജസ്റ്റിസ് വിക്രം നാഥും ജസ്റ്റിസ് സന്ദീപ് മേത്തയും അടങ്ങുന്ന ബെഞ്ച് നടപടി സ്വീകരിച്ചത്. മാധ്യമ റിപ്പോർട്ട് അനുസരിച്ച്, എട്ട് മാസത്തിനുള്ളിൽ രാജ്യത്ത് ഏകദേശം 11 പേർ പോലീസ് കസ്റ്റഡിയിൽ മരിച്ചിട്ടുണ്ട്. എല്ലാ സംസ്ഥാന, കേന്ദ്രഭരണ പ്രദേശ സർക്കാരുകളും അവരുടെ കീഴിൽ

പ്രവർത്തിക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്ന് 2020 - ഡിസംബറിൽ സുപ്രീം കോടതി, ഉത്തരവിട്ടിരുന്നു. എന്നാൽ, ഇപ്പോഴും പല പോലീസ് സ്റ്റേഷനുകളിലും ക്യാമറകൾ സ്ഥാപിച്ചിട്ടില്ല. ക്യാമറകൾ സ്ഥാപിച്ചിട്ടുള്ള സ്റ്റേഷനുകളിലാകട്ടെ അവ പലതും പ്രവർത്തന രഹിതമായ നിലയിലാണെന്നും കോടതി നിരീക്ഷിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കലാവസ്ഥാ മുന്നറിയിപ്പ്. കോഴിക്കോട്, വയനാട്,കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞജാഗ്രത നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

RNU TVPM

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## ഏഷ്യാ കപ്പ് - ഹോക്കി

ഏഷ്യകപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൻറെ സൂപ്പർ 4 മത്സരത്തിൽ ഇന്ന് ഇന്ത്യ മലേഷ്യയെ നേരിടും. രാത്രി 7:30 നാണ് മത്സരം. ഇന്നലെ നടന്ന ആദ്യ സൂപ്പർ 4 മത്സരത്തിൽ ചൈനയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്ക് മലേഷ്യ പരാജയപ്പെടുത്തിയിരുന്നു. രണ്ടാം സൂപ്പർ- 4 ൽ ഇന്ത്യ-കൊറിയ മത്സരം സമനിലയിൽ അവസാനിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸☸

## കെ.സി.എൽ

തിരുവനന്തപുരത്ത് നടക്കുന്ന കേരള ക്രിക്കറ്റ് ലീഗിന്റെ ഇന്നത്തെ ആദ്യ മത്സരത്തിൽ ആലപ്പി റിപ്പിൾസ് ഏരീസ് കൊല്ലം സെയിലേഴ്സിനെ നേരിടും. ഉച്ചയ്ക്ക് 2.30 നാണ് മത്സരം. കാലിക്കറ്റ് ഗ്ലോബ്സ് സ്റ്റാർസും തൃശൂർ ടൈറ്റൻസും തമ്മിലാണ് രണ്ടാം മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ബാധിച്ച് ഒരു കുട്ടിയെ കൂടി കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 10 വയസ്സുള്ള മലപ്പുറം സ്വദേശിയാണ് ചികിൽസയിലുള്ളത്. നിലവിൽ 4 കുട്ടികളും 2 മുതിർന്ന വ്യക്തികളുമാണ് ചികിൽസയിലുള്ളത്.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 363 പോയിന്റ് ഉയർന്ന് 80,929 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 99 പോയിന്റ് നേട്ടത്തിൽ 24,813 ലും വ്യാപാരം തുടരുന്നു. സ്വർണ വിലയിൽ നേരിയ കുറവ്. പവന് 80 രൂപ താഴ്ന്ന് 78,360 രൂപയും ഗ്രാമിന് 9,795 രൂപയുമാണ് ഇന്നത്തെ വില.

❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁❁❁❁❁❁

❁❁❁❁❁❁